**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1742** **29-09-2025 - ൽ മറുപടിയ്ക്ക്**

**കവുങ്ങ് കൃഷിയിലെ രോഗ പ്രതിരോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കവുങ്ങ് കൃഷിയെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിനും കീടങ്ങളെ നിയന്ത്രിക്കുന്നതിനും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കുമോ; | (എ) | കവുങ്ങ് കൃഷിയെ ബാധിക്കുന്ന രോഗ കീടങ്ങളെ പ്രതിരോധിക്കുന്നതിന് കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് ലെവൽ അഗ്രികൾച്ചർ നോളജ് സെന്ററിലെ (BLAKC) കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെയുള്ള സംഘം കൃഷിയിടം സന്ദർശിക്കുകയും ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാങ്കേതിക ഉപദേശവും നൽകി വരുന്നുണ്ട് . പെട്ടെന്നുള്ള കീട രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നതുമൂലമുള്ള വ്യാപനവും വിള നാശവും ഒഴിവാക്കാൻ സമയബന്ധിതമായി കൃഷി ഉദ്യോഗസ്ഥർ കൃഷിയിട പരിശോധന നടത്തുന്നതിനോടൊപ്പം തന്നെ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖാന്തിരം ഉപദേശ പത്രിക ,ഡിജിറ്റൽ മാധ്യമം എന്നിവ മുഖേനയും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട് . ഇത് കൂടാതെ പെസ്റ്റ് സ്കൗട്ടുകൾ റോവിങ് സർവ്വേ ,കൃഷിയുടെ സന്ദർശനം എന്നീവ നടത്തി വേണ്ട മാർഗ്ഗനിർദേശങ്ങൾ കർഷകർക്ക് നൽകുകയും ക്രോപ് ഫാർമസിയും മുഖേന അടിയന്തര ഘട്ടങ്ങളിൽ ആവശ്യമായ മരുന്നും മുൻകരുതലിനു വേണ്ടി സ്വീകരിക്കേണ്ട നിർദ്ദേശങ്ങളും കർഷകർക്ക് നൽകിവരുന്നുമുണ്ട് . കമുകിന് കീട രോഗങ്ങൾ തടയുന്നതിനുള്ള ഉചിതമായ പ്രതിരോധ നടപടികളെ കുറിച്ചുള്ള ശുപാർശകൾ രാസകീട നാശിനികളുടെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയുള്ള സംയോജിത രോഗ നിയന്ത്രണ മാർഗ്ഗങ്ങളിലൂടെ അവലംബിച്ചു വരുന്നു.<br><br>കാസറഗോഡ് ജില്ലയിലെ കവുങ്ങ് കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നതിന് 24/3/2025 ന ജില്ലയിലെ നിയമസഭാ സാമാജികരുടെയും , ഉദ്യോഗസ്ഥർ , കൃഷി |

ശാസ്ത്രജ്ഞർ എന്നിവരുടെ യോഗം വിളിക്കുകയും പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട് . യോഗ തീരുമാനപ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ,കേന്ദ്ര തോട്ടവിളഗവേഷണ കേന്ദ്രം ,കാർഷിക സർവ്വകലാശാല എന്നിവയുടെ സംയോജിത പ്രവർത്തനം ഉറപ്പാക്കുന്നതിലേക്കായി ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. അപ്രകാരം രൂപീകരിച്ച ടാസ്ക് ഫോഴ്സ് രോഗബാധിത പ്രദേശം സന്ദർശനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട് .

ഇല മഞ്ഞളിപ്പ് രോഗം നിയന്ത്രണവുമായി ബന്ധപ്പെട്ട് കേരള കാർഷിക സർവ്വകലാശാലയുടെ കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ ശാസ്ത്രജ്ഞർമാരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അവരുടെ ശുപാർശകൾ പടന്നക്കാട് കാർഷിക കോളേജിലൂടെയും കാർഷിക വകുപ്പിലൂടെയും നടപ്പിലാക്കുന്നതുമായി ബന്ധപെട്ട പടന്നക്കാട് കാർഷിക കോളേജ് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു ;

1. ജില്ലയിലെ എല്ലാ കൃഷി ഉദ്യോഗസ്ഥൻമാരും പങ്കെടുത്ത സാങ്കേതിക ഉപദേശ സമിതി എല്ലാ മാസവും യോഗം ചേർന്ന് ജില്ലയിലെ കാർഷിക രോഗ-കീട-പോഷക പ്രശ്നങ്ങൾസ്ഥിരമായി ചർച്ച ചെയ്ത് ഏറ്റവും നൂതനമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിരുന്നു.

2. കാർഷിക കോളേജിലെ വിദഗ്ധർ ജില്ലയിലെ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുമായി ജില്ലാതല മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് സമിതി ചേർന്ന് നിരന്തരമായി കൃഷിക്കാരുടെ തോട്ടങ്ങൾ സന്ദർശിച്ച് പരിഹാര നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്.

3. കോളേജിലെ അവസാന വർഷ വിദ്യാർത്ഥികളുടെ ഗ്രാമീണ പ്രവർത്തി പരിചയ പരിപാടിയുടെ ഭാഗമായി കഴിഞ്ഞ വർഷവും ഈ വർഷവുമായി 20 ഓളം തോട്ട സന്ദർശനങ്ങളും കാർഷിക രോഗ-കീട-പരിശോധനാ ക്യാമ്പുകളും (Agro Clinics) വിവിധ സ്ഥലങ്ങളിൽ നടത്തിയിട്ടുണ്ട്.

4. കോളേജിലെ സസ്യരോഗ വിഭാഗത്തിൽ ഒരു ബിരുദാനന്തര ബിരുദ വിദ്യാർത്ഥിക്ക് ഈ വിഷയം ഗവേഷണത്തിനായി നൽകിയിട്ടുണ്ട്.

5. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നടത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | തുടർന്ന് ഈ വർഷവും രോഗം വ്യാപകമാണെന്ന് അറിഞ്ഞതിൻ പ്രകാരം സർവകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള വിദഗ്ധരെയും ICAR - CPCRI,Kasaragod ശാസ്ത്രജ്ഞരെയും ഉൾപ്പെടുത്തി ഒരു സംഘം രൂപീകരിക്കുകയും, സംഘം 2025 സെപ്റ്റംബർ മാസം 23,24 തീയതികളിൽ രോഗ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും ചെയ്തു . രോഗകാരികളായ Collectotrichum, Phytophthora എന്നീ കുമിളുകളാണെന്നും ഈ വർഷം കാലവർഷം മേയ് 15 മുതൽ നേരത്തെ ആയതിനാൽ മുൻകരുതൽ പ്രവർത്തനങ്ങളായ ബോർഡോമിക്സ് മിക്സ്ചർ സ്പ്രേയിങ്ങും , തോപ്പ് വൃത്തിയാക്കലും നടന്നിട്ടില്ലാത്തതാണ് രോഗം കൂടുതൽ വ്യാപിക്കാനുള്ള കാരണം എന്ന് കണ്ടെത്തിയിട്ടുള്ളത് . ഇതിനെതിരായി മഴയില്ലാത്ത ദിവസങ്ങളിൽ അകോമിൻ 5 ml , ടിൽറ് 1 ml ആയി കലർത്തി വെള്ളത്തിൽ ചേർത്ത് ഉപയോഗിക്കാനുള്ള നിർദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>കാസറഗോഡ് പാക്കേജിൽ നിന്നുള്ള ധന സഹായത്തിനായി 11.04 കോടി രൂപയുടെ കവുങ്ങു കൃഷി പദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്അതിർത്തി പ്രദേശങ്ങളിലെ കവുങ്ങു രോഗ വ്യാപനം തടയുന്നതിനുള്ള സംയുക്ത പ്രവർത്തനം ദക്ഷിണ കർണ്ണാടകയിലെ ഹോർട്ടികൾച്ചർ ഡിപ്പാർട്മെന്റുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട് . തുടർ അവലോകനം 09.10.2025 നു ജില്ലയിലെ നിയമസഭാ സാമാജികരുടെ സാന്നിധ്യത്തിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട് . |
| (ബി) | കവുങ്ങ് കൃഷിയിലെ രോഗപ്രതിരോധത്തിനായി കർഷകർക്ക് ധനസഹായം അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | കാസറഗോഡ് ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപന പദ്ധതിയുമായി ചേർന്ന് കവുങ്ങു കൃഷി പരിപാലനത്തിനു വിവിധ ഫണ്ടുകൾ നൽകി വരുന്നു . ജില്ലയിലെ 35 കൃഷി ഭവനുകൾ മുഖേന 4.49കോടി രൂപയുടെ ഉത്പാദനോപാധികൾ ഇതിന്റെ ഭാഗമായി കർഷകർക്ക് നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ